"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം - ഡോ.സുസ്മിത ടി എബ്രഹാം ഫയൽ ചെയ്ത ഒഎ (ഇകെഎം) -825/2023 നമ്പർ കേസിൻമേൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2536/2023/H&FWD തീയതി,തിരുവനന്തപുരം, 03-10-2023

---

പരാമർശം:-
1. സഉ(സാധ) 1518/2023/ആകുവ തീയതി 26-06-2023
2. സഉ (സാധ) 1603/2023/ആകുവ തീയതി 04-07-2023
3. ഡോ.സുസ്മിത.ടി എബ്രഹാം സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒഎ (ഇകെഎം) 825/2023 നമ്പർ കേസിൽ 13.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

## ഉത്തരവ്

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, എറണാകുളം ചിറ്റാറ്റുകര കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.സുസ്മിത ടി എബ്രഹാം-നെ, കോതമംഗലം താലൂക്ക്ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി .സുസ്മിത.ടി.എബ്രഹാം പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ (ഇകെഎം) 825/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാളെ നേരിൽ കേൾക്കുന്നതിനും ടിയാളുടെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന് ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1) ,(2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകയെ നേരിൽ കേൾക്കുകയും അപേക്ഷകയുടെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഡോ.സുസ്മിത.ടി.എബ്രഹാം പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക് നിയമനം

നൽകിയിരിക്കുന്നത്, പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംരക്ഷണവും പരിഗണിച്ച് കൊണ്ടുമാണ് എന്നതിനാൽ ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിക്കാനാകുകയില്ലയെന്നും ആയതിനാൽ നിരാകരിക്കാവുന്നതാണ് എന്നും കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി.

(3) കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് ,ഡോ.സുസ്മിത.ടി.എബ്രഹാം പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരാകരിച്ചുകൊണ്ടും പരാമർശം (4) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള ,തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ.സുസ്മിത. ടി, എബ്രഹാം ,അസിസ്റ്റന്റ് സർജൻ

(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 03-10-2023 13:49:09

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-13130/2023/ആ.വ.ഡ തീയതി 03.10.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

491897

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

GOVERNMENT OF KERALA 2017-18